**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 649** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>അംബേദ്കർ ഗ്രാമ പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. എ. മുഹമ്മദ് റിയാസ്

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ
വകുപ്പ് മന്ത്രി)

**(എ)** ബേപ്പൂർ നിയോജകമണ്ഡലത്തിൽ എത്ര ഉന്നതികളിൽ അംബേദ്കർ ഗ്രാമ പദ്ധതി നടപ്പിലാക്കിയെന്നും, എത്ര ഉന്നതികളിൽ നടപ്പിലാക്കാനുണ്ടെന്നും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ബേപ്പൂർ നിയോജക മണ്ഡലത്തിൽ ആകെ 97 പട്ടികജാതി ഉന്നതികൾ ഉള്ളതിൽ 7 നഗറുകൾ നാളിതുവരെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ കോലാർകുന്ന നഗർ (2016-17), പൈക്കുറ്റി നഗർ (2016-17), പടിക്കത്താഴം നഗർ (2016-17), തിയ്യത്ത് താഴം നഗർ (2019-20), കൈത വളപ്പ് നഗർ (2021-22), ചെറാപ്പാടം പാലക്കൊടി നഗർ (2022-23) എന്നീ 6 നഗറുകളിലെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2025-26 സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള കൊടക്കല്ലു പറമ്പ് നഗറിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**(ബി)** പ്രസ്തുത പദ്ധതി നടത്തിപ്പിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**